**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

11.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135

## ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാന സാക്ഷരതാ മിഷൻ സമർപ്പിച്ച പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ: | (ബി) പത്താം തരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, പഠിതാക്കളിൽ തൊഴിൽ/സംരംഭകത്വശേഷി വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവ കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (സി) ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

കൂടാതെ യോഗ്യരും പരിചയ സമ്പന്നരുമായ അധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കൻഡറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്.

ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തി വരുന്നു. പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. SCERT യുടെ സഹകരണത്തോടെ ഹയർ സെക്കൻഡറി പഠന സാമഗ്രികൾ തയ്യാറാക്കി 10 വിഷയങ്ങൾക്ക് 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ